
# എന്നോട് ഇഷ്ടമില്ല !

**കുടുംബത്തിലേക്ക് പുതിയൊരംഗം കടന്നു വന്നത് മൂത്തകുട്ടിയുടെ മനസ്സിൽ സന്തോഷത്തിനൊപ്പം ചില ആശങ്കകളും ജനിപ്പിച്ചേക്കാം**





**സന്ധ്യാറാണി എൽ.**
ചൈൽഡ് & ഫാമിലി കൗൺസലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
9387613503
www.consolace.com

കുടുംബത്തിലേക്ക് രണ്ടാമതൊരു കുഞ്ഞു കൂടി കടന്നു വരുന്നത് ആഹ്ലാദകരമാണ്. സ്നേഹിക്കാൻ ഒരാൾ കൂടി എന്ന സന്തോഷമാണ് മാതാപിതാക്കളുടെ മനസ്സിൽ ഉണ്ടാവുക. എന്നാൽ, കുടുംബത്തിലേക്ക് പുതിയൊരംഗം കടന്നു വന്നത് മൂത്തകുട്ടിയുടെ മനസ്സിൽ സന്തോഷത്തിനൊപ്പം ചില ആശങ്കകളും ജനിപ്പിച്ചേക്കാം. തനിക്ക് കിട്ടിക്കൊണ്ടിരുന്ന സ്നേഹം നഷ്ടപ്പെടുമോ എന്ന് അവർ സംശയിക്കും. തിരിച്ചും സംഭവിക്കാം. വളർന്നു വരുന്തോറും വീട്ടിൽ തന്നേക്കാൾ പ്രാധാന്യം ചേട്ടന് അല്ലെങ്കിൽ ചേച്ചിക്ക് കിട്ടുന്നുവെന്ന് ഇളയകുട്ടിയും പരാതിപ്പെട്ടേക്കാം. വളർച്ചയുടെ ഓരോ ഘട്ടത്തിലും ശ്രദ്ധിച്ചാൽ മാത്രമേ ഇരുകുട്ടികളും തമ്മിൽ ആരോഗ്യകരമായൊരു ബന്ധം വളർത്തിയെടുക്കാൻ സാധിക്കൂ.

"മോൾ ഈയിടെയായി യാതൊരു കാരണവുമില്ലാതെ ദേഷ്യപ്പെടുന്നു. ചിലപ്പോഴൊക്കെ മുറിയിൽ കയറി കതക് അടച്ചിരിക്കും. ഞങ്ങൾ വിളിച്ചാലൊന്നും തുറന്നെന്നുവരില്ല. എനിക്കു പേടിയാകുന്നു.-ഏഴാം ക്ലാസുകാരിയായ

മകളെ കുറിച്ച് വേവലാതി പ്പെട്ടാണ് ആ അമ്മ എനിക്ക രികിൽ എത്തിയത്. വീട്ടിലെ അരുമക്കുട്ടിയായിരുന്ന അവളു ടെ സ്വഭാവത്തിൽ പെട്ടെന്നു ണ്ടായ മാറ്റം അവരെ ആകെ ഉലച്ചുകളഞ്ഞു. അമ്മയുമായി സംസാരിച്ചതിൽ നിന്ന് അവളെ ഇത്തരത്തിൽ മാറ്റത്തക്കവി ധമുള്ള യാതൊരു സാഹചര്യവും വീട്ടിൽ ഉള്ളതായി തോന്നിയില്ല. ഞാൻ ആവശ്യപ്പെട്ടതനുസ രിച്ച് അടുത്ത ദിവസം അവർ മകളേയും കൊണ്ട് കൗൺസ ലിങ് സെന്ററിലെത്തി. കാഴ്ച യിൽ നല്ല മിടുക്കി പെൺകു ട്ടി. ചോദ്യങ്ങൾക്കൊക്കെ മടി കൂടാതെ അവൾ ഉത്തരം പ റഞ്ഞു. എന്തിനാണ് വെറുതേ ദേഷ്യപ്പെടുന്നതെന്ന് ചോദി ച്ചപ്പോൾ മാത്രം അവൾ തല കുനിച്ചിരുന്നു. പിന്നെ മടിച്ചു മടിച്ചു പറഞ്ഞു വീട്ടിൽ എല്ലാ വർക്കും എന്നേക്കാളും ഇഷ്ടം അനിയനെയാണ്. അടുത്തിടെ കുട്ടിയുടെ അപ്പൂപ്പൻ മരിച്ചു പോയിരുന്നു.

അതിനു ശേഷം അമ്മൂമ്മ കുട്ടിയുടേയും കുടുംബത്തി ന്റേയും ഒപ്പമാണ് താമസം. അവർക്ക് സ്വതവേ ആൺകു ട്ടികളോട് ഇഷ്ടക്കൂടുതലുണ്ട്. അവർ വീട്ടിലെത്തിയപ്പോൾ മുതൽ ഇളയവനായ ആൺകു ട്ടിയെ ലാളിക്കുകയും അവനെ ഭക്ഷണം കഴിപ്പിക്കാൻ ശ്രദ്ധി ക്കുകയുമൊക്കെ ചെയ്തിരുന്നു. ആദ്യത്തെ കുട്ടി ആൺകുട്ടി യാവാൻ പ്രാർത്ഥിച്ചെങ്കിലും ഈശ്വരൻ രണ്ടാംവട്ടമാണ് അത് കേട്ടതെന്നും മറ്റുമുള്ള അമ്മൂമ്മയുടെ സംസാരങ്ങൾ മൂത്തകുട്ടിയെ വേദനിപ്പിച്ചു. ജോലിയും വീട്ടുകാര്യങ്ങളും ഒരുമിച്ച് കൊണ്ടുപോയിരുന്ന അമ്മയാകട്ടെ അമ്മൂമ്മ വന്ന ത് ഒരാശ്വാസമായാണ് കണ ക്കാക്കിയത്. അവർ കുട്ടിക ളുടെ കാര്യങ്ങൾ പഴയപടി ശ്രദ്ധിച്ചതുമില്ല. അമ്മയേയും മുൻപത്തെ പോലെ അടുത്തു കിട്ടാതായതോടെ എല്ലാവരും തന്നെ അവഗണിക്കുകയാ ണെന്ന തോന്നൽ മൂത്തകുട്ടിക്ക് ഉണ്ടായി.

അവൾ ദേഷ്യപ്പെടാനും മു



റിയടച്ചിരുന്ന് കരയാനുമൊക്കെ തുടങ്ങി. ഒന്നു ചിന്തിച്ചാൽ ഇതൊരു നിസ്സാരപ്രശ്നമാണ്. ആരും അവഗണിച്ചു കളഞ്ഞേ ക്കാവുന്ന ഒന്ന്. പക്ഷേ ഇതേ സാഹചര്യത്തിൽ ഈ കുട്ടി തുടർന്നും വളർന്നാൽ അത് അവളുടെ സ്വഭാവരൂപീക രണത്തെ സാരമായി ബാധി ക്കും. അപകർഷതാബോധം വളരാനും ആത്മവിശ്വാസം നഷ്ടപ്പെടാനുമൊക്കെ കാരണ മാകും. ചിലപ്പോൾ അനിയ നുമായി ശത്രുത ഉണ്ടാകാനും മതി. എന്നാൽ, അമ്മൂമ്മ പഴയ ചിന്താഗതി വച്ചുപുലർത്തുന്ന ആളാണെന്നും വീട്ടിലെ മറ്റുള്ള വർക്കെല്ലാം അവളെ ഒരുപാട് ഇഷ്ടമാണെന്നും ബോധ്യപ്പെ ടുത്തിയതോടെ ആ പ്രശ്നം അവസാനിച്ചു. " ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. രണ്ടു കു ട്ടികൾ ഉള്ള രക്ഷിതാക്കളിൽ പലരും അഭിമുഖീകരിക്കുന്ന പ്രശ്നമാണിത്.

## പ്രവൃത്തികൾ നിരീക്ഷിക്കാം

അച്ഛനും അമ്മയും തന്നേ ക്കാൾ അധികം സ്നേഹി ക്കുന്നത് സഹോദരനേയോ സഹോദരിയേയോ ആണെന്ന ചിന്ത കുട്ടിയുടെ മനസ്സിൽ കടന്നു കൂടുന്നതാണ് പ്രശ്ന ത്തിന് വഴിവയ്ക്കുന്നത്. ഓരോ കുട്ടിയേയും ഇത് വ്യത്യസ്ത തരത്തിലാണ് ബാധിക്കുക. ചിലർ നിസ്സാരകാര്യങ്ങൾക്കു പോലും അമിതമായി ദേഷ്യ പ്പെടും. എന്നാൽ, മറ്റു ചില കുട്ടികളാകട്ടെ വീട്ടുകാരിൽ നിന്ന് പതിയെ അകലും. വീ ട്ടിൽ വളരെ കുറച്ചു മാത്രം സംസാരിക്കുക, വിഷാദത്തിന് അടിമപ്പെടുക തുടങ്ങിയ ലക്ഷണങ്ങളും കാണാം. രക്ഷി താക്കൾ ഇല്ലാത്ത സമയത്ത് സഹോദരനേയോ സഹോദ രിയേയോ ഉപദ്രവിക്കാനുള്ള പ്രവണതയും ഇവരിൽ ചിലർ കാണിക്കും. "എന്റെ വീട് അപ്പൂ ന്റേം" എന്ന മലയാള സിനിമ ഇത്തരത്തിൽ ഒരു വിഷയ മാണ് കൈകാര്യം ചെയ്യുന്നത്. അനിയത്തി പിറന്നതോടെ തന്നെ ആർക്കും വേണ്ടാതാ യെന്ന തോന്നലിൽ ജീവിക്കുന്ന മൂത്തകുട്ടിയുടെ ചിന്താഗതിക ളിലൂടെയാണ് സിനിമ കടന്നു പോകുന്നത്. തന്നേക്കാൾ പരിഗണന അനിയത്തിക്ക്



കിട്ടുന്നു എന്ന് തോന്നിയ നിമിഷം അബദ്ധത്തിൽ അവൻ ചെയ്യുന്ന ഒരു പ്രവർത്തി ആ കുഞ്ഞിന്റെ ജീവൻ തന്നെ അപഹരിക്കുന്നു. വെറുമൊരു സിനിമാക്കഥ മാത്രമായി ഇതിനെ കാണാൻ കഴിയില്ല. വീട്ടിൽ താൻ അവഗണിക്കപ്പെടുന്നു എന്ന തോന്നൽ പല കുട്ടികളിലും അക്രമവാസന വളർത്തുന്നതായി കാണാം.

## പെരുമാറ്റത്തിൽ ശ്രദ്ധിക്കാം

രക്ഷിതാക്കൾ ഇരുകുട്ടികളോടും ഇടപെടുന്നതിലെ പ്രത്യേകതകളാണ് പലപ്പോഴും അവർ സ്നേഹക്കുറവോ കൂടുതലോ ആയി തെറ്റിദ്ധരിക്കുന്നത്. വീട്ടിൽ ഒരു കൈക്കുഞ്ഞും രണ്ടാം ക്ലാസുകാരനും ഉണ്ടെങ്കിൽ രണ്ടുപേരോടും ഒരേ രീതിയിൽ ഇടപെടുക അസാധ്യമാണ്. ഇളയകുട്ടിക്ക് കൂടുതൽ കരുതലും ശ്രദ്ധയും കൊടുക്കുക തന്നെ വേണം. അതേസമയം മൂത്തകുട്ടിയെ നിങ്ങൾ അവഗണിക്കുന്നു എന്ന തോന്നൽ ഉണർത്തുകയും അരുത്. മുൻപത്തെ പോലെ അമ്മ തന്നെ അവന്റെ കാര്യങ്ങളെല്ലാം ചെയ്തു കൊടുക്കണമെന്ന് അവൻ വാശിപിടിച്ചേക്കാം. ചെയ്തു കൊടുക്കാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാം. അമ്മയ്ക്ക് വാവയേയും നോക്കേണ്ടതിനാൽ കുറച്ചു കാലത്തേക്ക് അച്ഛനോ വീട്ടിൽ മറ്റാരെങ്കിലുമോ മോന്റെ കാര്യങ്ങൾ ചെയ്തു തരുമെന്ന് പറയാം. സമയം കിട്ടുമ്പോഴൊക്കെ മൂത്ത കുട്ടിയേയും അടുത്തിരുത്തി സംസാരിക്കണം. ഇളയകുഞ്ഞുമായി ഇടപഴകാൻ അവനെ അനുവദിക്കണം.

ചില വീടുകളിൽ കുട്ടികൾ തമ്മിൽ അഞ്ചോ അതിലധികമോ വയസ്സിന്റെ വ്യത്യാസമുണ്ടാകും. ഒരാൾ മുതിർന്നു കഴിയുമ്പോഴും ഇളയകുട്ടി കളിച്ചു നടക്കുന്ന പ്രായത്തിലായിരിക്കും. സ്വാഭാവികമായും മൂത്തകുട്ടിയെയാവും കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുക. എന്തെങ്കിലും സാധനങ്ങൾ വാങ്ങാൻ പറഞ്ഞു വിടുന്നതും വീട്ടിലേക്ക് എന്തെങ്കിലും വാങ്ങുമ്പോൾ അഭിപ്രായം ചോദിക്കുന്നതും ഒക്കെ മൂത്ത കുട്ടിയോടു മാത്രമാകും. ഇളയകുട്ടി എന്തു പറഞ്ഞാലും നീ ചെറുതാണ് എന്നു പറഞ്ഞ് അവഗണിക്കുന്ന കുടുംബങ്ങളുണ്ട്.

ചില വീടുകളിൽ ഇളയകുട്ടി മുതിർന്നാൽ പോലും അവനെ അല്ലെങ്കിൽ അവളെ കുട്ടിയായി മാത്രമാണ് കണക്കാക്കുന്നത്. ഇളയകുട്ടിയുടെ ആത്മവിശ്വാസം തകരാനും ഉൾവലിയുന്ന പ്രകൃതക്കാരും കാര്യപ്രാപ്തി ഇല്ലാത്തവരുമായി മാറാനും ഇത് വഴിയൊരുക്കും. ഇളയകുട്ടിയുടെ അഭിപ്രായങ്ങൾ മുഖവിലയ്ക്കെടുത്തില്ലെങ്കിലും അവർ പറയുന്നത് ശ്രദ്ധാപൂർവം കേൾക്കണം. നിങ്ങൾ കേൾക്കുന്നുണ്ട് എന്നത് അവരെ സന്തോഷിപ്പിക്കും. ഭാവിയിലും എവിടേയും അഭിപ്രായങ്ങൾ തുറന്നു പറയാൻ അവർക്ക് പ്രചോദനമാവുകയും ചെയ്യും.

ഇളയകുട്ടി കളിച്ചു നടക്കുമ്പോൾ തന്നെ മൂത്തകുട്ടിക്ക് പഠിക്കാൻ ഏറെയുണ്ടാകും. ഏതുസമയവും വീട്ടുകാർ തന്നോടു മാത്രം പഠിക്കാൻ പറയുന്നു, അനിയത്തി അല്ലെങ്കിൽ അനിയൻ കളിച്ചു നടക്കുന്നു എന്ന ചിന്ത മൂത്തകുട്ടിയുടെ മനസ്സിൽ കയറിക്കൂടും. കളിക്കാൻ അനുവദിക്കാത്തത് തന്നോടുള്ള ഇഷ്ടക്കുറവു കൊണ്ടാണെന്ന് മൂത്തകുട്ടി തെറ്റിദ്ധരിച്ചേക്കാം. ഇളയകുട്ടി കളിക്കുമ്പോൾ അവനെ അല്ലെങ്കിൽ അവളെ ഉപദ്രവിക്കുക, പഠിക്കാൻ പറയുന്ന സമയത്ത് ദേഷ്യപ്പെടുക എന്നിങ്ങനെ പല വിധത്തിലും മൂത്തകുട്ടി ഉള്ളിൽ അടക്കി വച്ചിരിക്കുന്ന അമർഷം പ്രകടിപ്പിക്കും. ഇളയകുട്ടി വലുതാകുമ്പോൾ ഇതുപോലെ അവരും പഠിക്കേണ്ടി വരുമെന്ന് മൂത്തകുട്ടിയെ പറഞ്ഞു മനസ്സിലാക്കാം. മൂത്തകുട്ടി പഠിക്കുന്ന സമയത്ത് ഇളയകുഞ്ഞിന് ചിത്രകഥകൾ വായിക്കാൻ കൊടുക്കുകയോ ക്രയോൺസ് നൽകി പടം വരയ്ക്കാൻ ആവശ്യപ്പെടുകയോ ചെയ്യാം. ഇളയകുട്ടിയും എന്തൊക്കെയോ ചെയ്യുകയാണ് എന്ന തോന്നൽ മൂത്തകുട്ടിക്ക് ആശ്വാസം നൽകും. പഠിക്കുന്ന സമയത്ത് മൂത്തകുട്ടിക്ക് ശല്യമാകുന്ന തരത്തിൽ ബഹളം വയ്ക്കുയോ വിളിക്കുകയോ ചെയ്യരുതെന്ന് ഇളയകുട്ടിയോട് നിർദേശിക്കാം. വളരുമ്പോൾ നിനക്കും ഇതുപോലെ ഒരുപാട് പഠിക്കാനുണ്ടാകുമെന്ന് മൂത്തകുട്ടി കേൾക്കെ തന്നെ ഇളയകുട്ടിയോടു പറയാം. വീട്ടിൽ ഇരുകുട്ടികളും തമ്മിൽ വഴക്കിട്ടാൽ മൂത്തകുട്ടിയെ മാത്രം ശിക്ഷിക്കുന്നവരുണ്ട്. ഇത് തെറ്റാണ്. എന്തുചെയ്താലും കുറ്റം എനിക്കു മാത്രം എന്ന ചിന്ത മൂത്തകുഞ്ഞിന്റെ മനസ്സിൽ രൂപപ്പെടും. വഴക്കിടുമ്പോൾ തെറ്റ് ആരുടെ ഭാഗത്താണോ അവരെ ശാസിക്കുക.

ഇളയകുഞ്ഞ് തീരെ ചെറുതാണെങ്കിൽ അവർക്ക് തെറ്റും ശരിയും തിരിച്ചറിയാനുള്ള പ്രായമായിട്ടില്ലെന്ന് മൂത്തകുട്ടിയോട് പറയാം. മുതിർന്ന കുട്ടിയായ നീ വേണം ഇളയവരുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ എന്നും നിർദേശിക്കാം. ഇളയ കുട്ടി എന്തെങ്കിലും വികൃതി കാണിച്ചാൽ അവനെ നിനക്കു തിരുത്താമെന്നും എന്നാൽ ഒരിക്കലും ഉപദ്രവിക്കരുതെന്നും പറയണം. നിങ്ങൾ എന്തെങ്കിലും ജോലിയിൽ ഏർപ്പെടുന്ന സമയത്ത് ഇളയകുഞ്ഞിനെ നോക്കാനുള്ള ഉത്തരവാദിത്വം മൂത്തകുട്ടിയെ ഏൽപ്പിക്കാം. അവർ എങ്ങനെ ആ ജോലി ചെയ്യുന്നു എന്ന് രഹസ്യമായി നിരീക്ഷിക്കാം. ഇളയകുട്ടിയെ ഉപദ്രവിക്കുന്നുണ്ടെങ്കിൽ എന്തിനാണ് അങ്ങനെ ചെയ്തതെന്ന് ചോദിക്കണം. ചെയ്തത് തെറ്റാണെന്ന് ബോധ്യപ്പെടുത്തുകയും സഹോദരനെ അല്ലെങ്കിൽ സഹോദരിയെ നന്നായി നോക്കേണ്ട ഉത്തരവാദിത്വം മൂത്ത കുട്ടിയായ നിനക്ക് ഉണ്ടെന്ന് പറയുകയും വേണം.

## വേർതിരിവ് വേണ്ട

ചെറുതല്ലേ എന്നു കരുതി ഇളയകുഞ്ഞിന് മിഠായിയും പലഹാരങ്ങളും വാങ്ങി നൽകുന്ന രക്ഷിതാക്കളുണ്ട്. മൂത്തകുട്ടിയെ സംബന്ധിച്ചിടത്തോളം ഇത് വിഷമകരമായൊരു കാര്യമാണ്. അവർ എത്ര മുതിർന്നാലും അച്ഛന്റേയും അമ്മയുടേയും മുൻപിൽ കുട്ടിയായിരിക്കാൻ ആഗ്രഹിക്കുന്നവരാണ്. വാങ്ങുന്ന സാധനങ്ങൾ ഇരുകുട്ടികൾക്കുമായി പങ്കിട്ടു നൽകണം. ഇളയകുഞ്ഞിന്റെ പിറന്നാൾ ആഘോഷിക്കുന്നുണ്ട് എങ്കിൽ മൂത്തകുട്ടിയുടേതും ആഘോഷിക്കാൻ ശ്രദ്ധിക്കുക. വസ്ത്രങ്ങൾ വാങ്ങുമ്പോൾ ഇരുവർക്കും ഒരേസമയത്ത് വാങ്ങാൻ ശ്രദ്ധിക്കുക. യാത്ര പോകുന്ന അവസരങ്ങളിൽ രണ്ടുപേരേയും കൊണ്ടുപോകാൻ ശ്രദ്ധിക്കുക. എന്തെങ്കിലും കാരണവശാൽ ഒരാളെ ഒപ്പം കൊണ്ടുപോകാൻ കഴിഞ്ഞില്ലെങ്കിൽ പകരം ആ ദിവസങ്ങൾ അവർ പോകാൻ ആഗ്രഹിക്കുന്ന ബന്ധുവീടുകളിലോ കൂട്ടുകാരുടെ അടുത്തോ ചെലവിടാൻ അനുവദിക്കാം. വീട്ടിൽ നൽകുന്ന ഭക്ഷണകാര്യത്തിലും വിവേചനം പാടില്ല. എന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങളാൽ ഒരുകുട്ടിക്ക് പ്രത്യേക ഭക്ഷണം കഴിക്കാൻ പാടില്ലെന്നുണ്ടെങ്കിൽ ഒരുമിച്ച് കഴിക്കുന്ന അവസരങ്ങളിൽ ആ ഭക്ഷണം ഒഴിവാക്കാം. സ്കൂളിലേക്ക് ആവശ്യമായി വരുന്ന സാധനങ്ങൾ വാങ്ങുമ്പോഴും പ്രത്യേകം ശ്രദ്ധിക്കുക. മൂത്തകുട്ടിക്ക് കൂടുതൽ സാധനങ്ങൾ ആവശ്യമായി വരും. ഇളയകുട്ടിയോട് അത് പറഞ്ഞ് മനസ്സിലാക്കാം. വലുതാകുമ്പോൾ നിനക്കും അതെല്ലാം വാങ്ങിത്തരാമെന്ന് പറയാം. പൊതുവായി വാങ്ങുന്ന സാധനങ്ങൾ ഇരുവർക്കും ഒരേതരത്തിലുള്ളത് വാങ്ങിനൽകാൻ ശ്രമിക്കുക

## ഒരിക്കലും ചെയ്യരുതാത്തത്

**താരതമ്യം :** ബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും മുന്നിൽ വച്ച് ഇളയകുട്ടിയേയും മൂത്തകുട്ടിയേയും താരതമ്യം ചെയ്യുന്ന രക്ഷിതാക്കളെ കാണാം. മൂത്തവൻ മിടുക്കനാണ്, നന്നായി പഠിക്കും പക്ഷേ ഇളയവൻ മടിയനാണ് എന്നിങ്ങനെയുള്ള താരതമ്യങ്ങൾ കുട്ടിയുടെ ആത്മവിശ്വാസം കെടുത്തും. രണ്ടു കുട്ടികളും രണ്ടു പ്രകൃതക്കാരായിരിക്കും എന്ന കാര്യം ഉൾക്കൊള്ളുക. ഒരാൾ പഠനത്തിൽ മിടുക്കു കാണിക്കുമ്പോൾ മറ്റേയാൾക്കും അതുപോലെ മറ്റെന്തെങ്കിലും കഴിവുകളുണ്ടാകും.

അതു കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനു പകരം ചേട്ടനെ അല്ലെങ്കിൽ ചേച്ചിയെ കണ്ടുപഠിക്ക് എന്ന് പറയുന്നതിൽ അർത്ഥമില്ല. ഒരേ സ്കൂളിലാണ് കുട്ടികൾ പഠിക്കുന്നതെങ്കിൽ അധ്യാപകരും ഇത്തരത്തിൽ താരതമ്യം ചെയ്യാൻ ഇടയുണ്ട്. രണ്ടുപേരുടേയും സ്വഭാവങ്ങൾ തമ്മിൽ വലിയ അന്തരമുണ്ടെങ്കിൽ രണ്ടു സ്കൂളിൽ പഠിപ്പിക്കുന്നതാവും നല്ലത്.

**അമിതവാത്സല്യപ്രകടനം :** കുട്ടികളിൽ ഒരാളോട് മാത്രം അമിതവാത്സല്യം പ്രകടിപ്പിക്കരുത്. ചിലപ്പോൾ ഒരു കുട്ടി പഠനത്തിലും മറ്റെല്ലാകാര്യങ്ങളിലും മികവു പുലർത്തുന്നുണ്ടാകും. എന്നു കരുതി ആ കുട്ടിയോട് മാത്രം വാത്സല്യം പ്രകടിപ്പിച്ചാൽ രണ്ടാമത്തെകുട്ടിയിൽ അത് അപകർഷതാബോധം വളർത്തും. താൻ ഒന്നിനും കൊള്ളാത്തവനാണെന്ന ചിന്ത ഉള്ളിൽ വളരും. അതിന് ഇടകൊടുക്കരുത്. രണ്ടു കുട്ടികളേയും ഒരുപോലെ സ്നേഹിക്കുക.

**ആൺ-പെൺ വേർതിരിവ് :** ആൺകുട്ടികൾ മുന്നേറുന്ന എല്ലാ മേഖലകളിലും പെൺകുട്ടികൾ കൂടി എത്തിപ്പെടുന്ന കാലമാണിത്. അതുകൊണ്ടു തന്നെ വീട്ടിനുള്ളിൽ ആൺ-പെൺ വേർതിരിവ് വേണ്ട. പെൺകുട്ടിയായതു കൊണ്ട് നീ അലക്കാനും പാത്രം കഴുകാനും ഭക്ഷണം പാകം ചെയ്യാനും പഠിക്കണം, എന്നാൽ ആൺകുട്ടിയായതിനാൽ മകൻ അതൊന്നും ചെയ്യേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്ന രക്ഷിതാക്കളുണ്ട്. എന്നാൽ, ഭാര്യയും ഭർത്താവും ജോലിക്കു പോകുന്ന പുതിയ കുടുംബങ്ങളിൽ ആണുങ്ങളും ഇത്തരം ജോലികൾ ചെയ്തു ശീലിക്കേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ടു തന്നെ വീട്ടിൽ ഇരുവരേയും തുല്യമായി ജോലി ചെയ്യിക്കാം. പെൺകുട്ടിയായതു കൊണ്ട് നീ അങ്ങനെ ചെയ്യരുത് അവിടെ പോകരുത് എന്നെല്ലാം പറയുന്നതിന് പകരം പെൺകുട്ടിയായതിനാൽ സ്വയം സുരക്ഷയ്ക്ക് കൂടുതൽ കരുതലും ശ്രദ്ധയും വേണമെന്ന് പറയാം. ചില മാതാപിതാക്കൾക്ക് ആൺകുട്ടികളോട് പ്രത്യേക വാത്സല്യം ഉണ്ടാകും. ഒരിക്കലും പെൺകുട്ടിയുടെ മുന്നിൽ വച്ച് വേർതിരിവ് പ്രകടിപ്പിക്കും വിധം പെരുമാറരുത്. ചിലപ്പോൾ ജീവിതകാലം മുഴുവൻ അത് ഒരു കുറവായി അവർക്ക് അനുഭവപ്പെട്ടേക്കാം.